# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ് :0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ആർ.ഒ.സി. 14283/17/ഗ്രാറ്റു

ദേവസ്വം കമ്മീഷണർ ഓഫീസ്,
തിരുവനന്തപുരം, 09/02/2018.

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പെൻഷനായ ക്ഷേത്രജീവനക്കാർക്ക് അർഹമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി പെൻഷൻ അദാലത്ത് നടത്തുന്നതു സംബന്ധിച്ച്.

സൂചന :- 20-07-2017-ലെ ആർ.ഒ.സി. നമ്പർ 11016/17/മിസ്-1 നമ്പർ ബോർഡുത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പെൻഷനായ ക്ഷേത്ര ജീവനക്കാർക്ക് അർഹമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി ലഭിക്കാത്ത സ്ഥിതി നിലവിലുള്ളതിനാൽ അതു പരിഹരിക്കുന്നതിലേയ്ക്കായി, പെൻഷൻ ആയ ക്ഷേത്ര ജീവനക്കാരെ ഉൾപ്പെടുത്തി പെൻഷൻ അദാലത്തു നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

ആകയാൽ ആ ഗ്രൂപ്പിൽ നിന്നും വിരമിച്ച ക്ഷേത്ര ജീവനക്കാരിൽ നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത ക്ഷേത്ര ജീവനക്കാരുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകാ ഫാറത്തിൽ രേഖപ്പെടുത്തി താങ്കളുടെ അഭിപ്രായ സഹിതം 28-02-2018 തീയതിയ്ക്കകം ഈ ആഫീസിൽ അയയ്ക്കേണ്ടതാണ്.

അദാലത്ത് സംബന്ധിച്ച നടപടികൾ എത്രയുംവേഗം പൂർത്തിയാക്കേണ്ടതിനാൽ യാതൊരുകാരണവശാലും പ്രസ്തുത സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

Sd/- ദേവസ്വം കമ്മീഷണർ,

DEPUTY DEVASWOM COMMISSIONER
PENSION & SERVICE GRIEVENCE
REDRESSAL CELL
DEVASWAM COMMISSIONER OFFICE

പകർപ്പ്- 1.സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്, (ആമുഖ കത്ത് സഹിതം)
2.ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ,
3.ദേവസ്വം അക്കൗണ്ട്സ് ആഫീസർ,
4.അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ..........................................
5.സെക്ഷൻ ഫയൽ.
6.ഫെയർ ആഫീസ് കോപ്പി.

ക്ഷേത്ര ജീവനക്കാരുടെ പെൻഷൻ അദാലത്തിന് അതാത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ് മുഖാന്തരം പെൻഷൻ ലഭിക്കുന്നവർ സമർപ്പിക്കുന്നതിനുള്ള അപേക്ഷ.

| | | |
|---|---|---|
| 1 | പരാതിക്കാരന്റെ പേര് | |
| 2 | ലാവണം | |
| 3 | സബ്ഗ്രൂപ്പ് | |
| 4 | ഗ്രൂപ്പ് | |
| 5 | വിരമിക്കൽ സമയത്ത് ജോലി നോക്കിയിരുന്ന ദേവസ്വം | |
| 6 | വിരമിച്ച തീയതി | |
| 7 | പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിന് രേഖകൾ ഹാജരാക്കിയ തീയതി | |
| 8 | അപേക്ഷകന്റെ ഒപ്പും / തീയതിയും | |
| അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും ലഭ്യമാക്കേണ്ട വിവരങ്ങൾ | | |
| 1 | പെൻഷൻ റിക്കാർഡുകൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ ലഭിച്ച തീയതി | |
| 2 | അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ സ്വീകരിച്ച അനന്തര നടപടി വിവരം | |
| 3 | റിമാർക്സ് (കാലതാമസത്തിനുള്ള കാരണം) | |

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

**NB:-** വിരമിച്ച ജീവനക്കാർക്ക് മാത്രമാണ് അദാലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളത്.